"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റിനായി സ്റ്റെപ്പ് ഡൗൺ ഏര്യ സജ്ജീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.**190/2025/H&FWD** തീയതി,തിരുവനന്തപുരം, **24-01-2025**

---

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ **16.01.2025** തീയതിയിലെ പി.എ2/4815/2024/മെ.വി.വ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ **NPPMBI** പദ്ധതി പ്രകാരം ബേൺസ് യൂണിറ്റ്, സ്കിൻ ബാങ്ക് എന്നിവ സജ്ജമാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറിയിരുന്ന **90** ലക്ഷം രൂപയിൽ ബാക്കി നിൽക്കുന്ന **8,44,434/-** രൂപയും സ്കീമിൽ ബാക്കി നിൽക്കുന്ന **15,566/-** രൂപയും ഉൾപ്പെടെ ആകെ **8,60,000/-** രൂപ വിനിയോഗിച്ച് ഒരു സ്റ്റെപ് ഡൗൺ ഏര്യ സജ്ജീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേൽ പരാമർശം പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറിയിരുന്ന തുകയിൽ ബാക്കി നിൽക്കുന്ന **8,44,434/-** രൂപയും സ്കീമിൽ ബാക്കി നിൽക്കുന്ന **15,566/-** രൂപയും ഉൾപ്പെടെ ആകെ **8,60,000/-** രൂപ വിനിയോഗിച്ച് ബേൺസ് യൂണിറ്റിനായി സ്റ്റെപ്പ് ഡൗൺ ഏര്യ സജ്ജീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ടും പ്രസ്തുത പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖേന സജ്ജീകരിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സൂപ്രണ്ട് / പ്രിൻസിപ്പൽ , മെഡിക്കൽ കോളേജ്, തിരുവന്തപുരം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് - ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്
ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
സെക്ഷൻ ഓഫീസർ
Date: 27-01-2025 10:49:55